**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 336** **12-10-2026-ൽ മറുപടിയ്ക്ക്**

**പശ്ചിമ കൊച്ചിയിലെ വെള്ളക്കെട്ടും വഴിവിളക്കുകളുടെ പരിപാലനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പശ്ചിമ കൊച്ചിയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായി കനാലുകളും കാനകളും പുനരുദ്ധരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ടിന്മേൽ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളുടെ തൽസ്ഥിതി എന്താണെന്ന് അറിയിക്കാമോ;

**മറുപടി:** നിലവിൽ രാമേശ്വരം - കൽവത്തി കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നതും പുനരുദ്ധാരണ പ്രവൃത്തി ആവശ്യമുള്ള മറ്റ് ചെറുതും വലുതുമായ കാനകൾ ബന്ധപ്പെട്ട ഡിവിഷൻ കൗൺസിലർമാർ ശിപാർശ നൽകുന്നത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിയമാനുസൃത നടപടികളിലൂടെ ടി പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതാണ്

**(ബി)** ഫാദർ സെബാസ്റ്റ്യൻ തളിയത്ത് റോഡിലെ കാന, കവർ സ്ലാബ് എന്നിവയുടെ നിർമ്മാണത്തിന് സമർപ്പിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**മറുപടി:** ഡിവിഷൻ 74 ലെ ഫാദർ സെബാസ്റ്റ്യൻ തളിയത്ത് റോഡിലെ കാന, കവർ സ്ലാബ് നിർമ്മാണം എന്ന പ്രവൃത്തി ഇപ്പോൾ ടെണ്ടർ സ്റ്റേജിലാണ്.

**(സി)** സി.എസ്.എം.എൽ., കെ.എം.ആർ.എൽ. എന്നിവയുടെ സഹായത്തോടെയുള്ള വഴിവിളക്കുകളുടെ വാർഷിക പരിപാലന കരാറിനായി കൊച്ചി കോർപ്പറേഷൻ ക്ഷണിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് നടപടികൾ പൂർത്തിയായി കരാർ നൽകിയിട്ടുണ്ടോ;

**മറുപടി:** Pamidi Pvt Ltd എന്ന സ്ഥാപനം പ്രവൃത്തി ഏറ്റെടുത്ത് കരാർ നടപടികൾ സ്വീകരിച്ച് വരുന്നു.

**(ഡി)** ഫോർട്ട് കൊച്ചി വാക്ക്‌വേ, ബീച്ച് പരിസരങ്ങളിൽ ലൈസൻസ് ദുരുപയോഗം ചെയ്ത് പ്രവർത്തിക്കുന്ന അനധികൃത വഴിയോരക്കടകൾ, പെട്ടിക്കടകൾ എന്നിവയ്ക്കെതിരെ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഫോർട്ടുകൊച്ചി മേഖലയിൽ 7 പ്രദേശങ്ങൾ വെൻഡിംഗ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അംഗീകൃത ലൈസൻസുള്ള വഴിയോര കച്ചവടക്കാരെ വെൻഡിംഗ് സോണുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഫോർട്ടുകൊച്ചി വാക്ക് വേ, ബീച്ച് പരിസരങ്ങളിൽ അനധികൃതമായി കച്ചവടം നടത്തി വരുന്ന വഴിയോര കച്ചവടക്കാരെ പോലീസിന്റെ സഹായത്തോടെ നഗരസഭ എവിക്ഷൻ സ്ക്വാഡ് ഉപയോഗിച്ച് നീക്കം ചെയ്തു വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**